**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 508** **13-08-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. സുമോദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള ചെറുകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ജലവിഭവ വകുപ്പിലെ ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന ത്തൊട്ടാകെ നിരവധി പ്രവൃത്തികൾ ആവിഷ്കരിക്കുകയും ഏറ്റെടുത്ത് നടപ്പിലാ ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ശേഖരിക്കുകയും വിലയിരുത്തൽ നടത്തി സമയബന്ധിതമായി നടപ്പി ലാക്കുന്നതിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലുള്ള പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. മേൽ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പി ലാക്കുന്നതിലേക്കായി അവലോകന യോഗങ്ങളും സ്ഥലപരിശോധനയും നടത്തു കയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളിൽ കാലഹരണപ്പെട്ടവയുണ്ടെങ്കിൽ അവ ഒഴിവാക്കി മറ്റുള്ളവ കാലികമായ ആവശ്യകതയ്ക്കനുസരിച്ച് പൂർത്തീകരിച്ച് സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | മുടങ്ങിക്കിടക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ കാലികമായ ആവശ്യകതയനുസരിച്ച് പുതുക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂപ്രകൃതി അനുസരിച്ച് താഴ്ന്ന മേഖലയിൽ സ്ഥിതിചെയ്യുന്ന കൃഷി പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകളുടെ നിർമ്മാണം, തോടുകളുടെ പുനരുദ്ധാരണം, സംരക്ഷണഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ കർഷകരുടെ ആവശ്യാനുസരണം വിവിധ ചെറുകിട ജലസേചന പദ്ധതികളിൽ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ നടപ്പിലാക്കി കമ്മീഷൻ ചെയ്യുവാനുള്ള ലിഫ്റ്റ് |

| | | | |
|---|---|---|---|
| | | | ഇറിഗേഷൻ പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രളയാനന്തര സാഹചര്യത്തിൽ പുതുതായി ചെറുകിട ജലസേചന പദ്ധതികൾ എവിടെയെല്ലാം ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ വരുന്ന പ്രളയത്തിൽ തകർന്ന നിർമ്മിതികളുടേയും തോടുകളുടേയും അവയുടെ കൈവഴികളുടേയും പുനരുദ്ധാരണത്തിനും നവീകരണത്തിനു മായി കേന്ദ്രസഹായമായ എസ്.ഡി.ആർ.എഫ് ഉപയോഗിച്ച് പ്രവൃത്തികൾ നടത്തി വരുന്നു. ബഡ്ജറ്റിൽ വിവിധ പ്ലാൻ ശീർഷകങ്ങളായ എം.ഐ.ക്ലാസ്-1, എം.ഐ ക്ലാസ്-2, ലിഫ്റ്റ് ഇറിഗേഷൻ സ്കീം, നബാർഡ്, ഹരിതകേരളം പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി തടയണകൾ, വി.സി.ബികൾ, റഗുലേറ്ററുകൾ, സ്ലൂയിസുകൾ, ലീഡിംഗ് ചാനൽ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവയുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. കൂടാതെ വിവിധ നോൺ പ്ലാൻ സ്കീമുകൾ/ നിർമ്മിതികളുടെ അറ്റകുറ്റ പ്പണികൾക്കായുള്ള പ്ലാൻ ശീർഷകങ്ങൾ എന്നിവയിലുൾപ്പെടുത്തി സ്ട്രക്ച്ചറുകളുടെ പുനരുദ്ധാരണ പ്രവൃത്തനങ്ങൾ സമയ ബന്ധിതമായി നടത്തുകയും അതുവഴി ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചു കഴിഞ്ഞു. ശേഷിക്കുന്നവ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കടുത്ത വേനലും കനത്ത മഴയും മാറി മാറി വരുന്ന കാലാവസ്ഥയ്ക്കനുസരിച്ച് വൻകിട ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയവും തുടർന്നുണ്ടായ കടുത്ത വേനലും കണക്കിലെടുത്ത് ചാലിയാർ പോലെയുള്ള നദീ തടങ്ങളിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ജലസേചന കുടിവെള്ള ആവശ്യങ്ങൾക്കും ഫ്ലഡ് കൺട്രോൾ ഡാമുകൾ നിർമ്മിക്കാനുള്ള പ്രാരംഭ പഠനങ്ങൾ നടന്നു വരുന്നു. വിവിധ ജലസേചന പദ്ധതികളെല്ലാം തന്നെ കടുത്ത വേനലിൽ കൃഷി ഭൂമിയിലേക്ക് ജലസേചനം നടത്തുന്നതി നായി വിഭാവനം ചെയ്തിട്ടുള്ളവയാണ്. പുതുതായി പര്യവേഷണത്തിലുള്ള കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ പദ്ധതി ഒരു വിവിധോദ്ദേശ്യ പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ളതാണ്. കേരളത്തിലെ ഭൂപ്രകൃതിയനുസരിച്ച് കീഴ്ക്കാംതൂക്കായ പ്രദേശങ്ങളും ചരിവുള്ള സ്ഥലങ്ങളും കൂടുതലായതിനാൽ മഴക്കാലത്ത് നല്ല മഴ ലഭിച്ചാലും ഈ മഴ ഒഴുകി നദിയിൽ ചെന്നു ചേരുന്നു. അതിനാൽ വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | അതിന്റെ ഫലമായി കൃഷിക്കും ഗാർഹിക ആവശ്യങ്ങൾക്കും ജലക്ഷാമം അനുഭവപ്പെടുന്നു. കേരളത്തിലെ ഈ പ്രത്യേക ഭൂപ്രകൃതി കാരണം മഴക്കാലത്ത് കിട്ടുന്ന ജലം നദിയിലൂടെ ഒഴുകി പോകാതെ കെട്ടി നിർത്തേണ്ടതുണ്ട്. അതിന് storage structures അത്യാവശ്യമാണ്. ഈ ജലം തടഞ്ഞുനിർത്തുന്നതിന് തടയണകളും ആർ.സി.ബികളും മിക്കവാറും എല്ലാ നദികളിലും ജനങ്ങളുടെ ആവശ്യ മനുസരിച്ച് പണിതുവരുന്നു. വൻകിട പദ്ധതിയായ വാമനപുരം പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് ലാന്റ് അക്വസിഷൻ ഒരു വലിയ തടസമാണ്. അതോടൊപ്പം പാരിസ്ഥിതിക പഠനവും നടത്തേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികളുടെ ലിസ്റ്റ്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | ട്രയൽ റണ്ണിന് സജ്ജമാക്കി കൊണ്ടിരിക്കുന്നു |
| 2 | കൂടല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | കക്കുപടി ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു |
| 4 | കുക്കുംപാളയം ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു |
| 5 | ചാളയൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു |
| 6 | കണക്കന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു |
| 7 | കക്കോണക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം | വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി കമ്മീഷൻചെയ്യാവുന്നതാണ്. |
| 8 | വണ്ടിയാമ്പറ്റ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| 9 | തോട്ടക്കോണം ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | ആലംപഴഞ്ഞി ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | ഏലംകാറ്റ് പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പ്രവൃത്തി പുരോഗമിക്കുന്നു |
| 12 | ആൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ